(30) കൊടുങ്കാറ്റും പേമാരിയും മൂലം തിരുവല്ല പ്രദേശത്തുണ്ടായ നാശനഷ്ടങ്ങൾ

ശ്രീ. പി. സി. തോമസ് (തിരുവല്ല) : സർ, മാർച്ച് മാസം 18-ാം തീയതി എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട തിരുവല്ല ടൗണിലും പ്രാന്തപ്രദേശങ്ങളായ കുറ്റൂർ, തലയാൽ, തെങ്ങേലി, ഓതറ, തിരുമൂലപുരം, കവിയൂർ, മേപ്രാൽ, പെരിങ്ങര, ചാത്തങ്കരി മുതലായ സ്ഥലങ്ങളിലുണ്ടായ അതിഭയങ്കരമായ കൊടുങ്കാറ്റിന്റെയും പെരുമഴയുടെയും ഫലമായി അനേകം കെട്ടിടങ്ങളുടെ ഓടും, ആസ്ബസ്റ്റോസ് ഷീറ്റുകളും കാറ്റിൽ പറന്നു പോവുകയും അനേകം ചെറിയ കുടിലുകൾ നിലം പതിക്കുകയും ചെയ്തു.

തിരുവല്ല ആർ.ഡി.ഒ. ഓഫീസിനു സമീപമുള്ള എം.ജി.എം. ഹൈസ്ക്കൂൾ ഇൻഡോർ സ്റ്റേഡിയത്തിന്റെ ആസ്ബസ്റ്റോസ് ഷീറ്റുകൾ തകർന്നു വീണു, തിരുവല്ല ചന്തക്കടവിനു സമീപമുള്ള നിരവധി വീടുകളുടെ മേൽക്കൂര പറന്നു പോയി. മരങ്ങൾ വീണ് പല വീടുകൾക്കും നാശങ്ങൾ സംഭവിച്ചു. ഓതറഭാഗത്ത് ഒട്ടുവളരെ മരങ്ങൾ ഒടിഞ്ഞും കട പുഴകിയും ഭാരിച്ച നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. എം. സി. റോഡിൽ കുറ്റൂർ ഭാഗത്ത് മരങ്ങൾ വീണ് ഗതാഗതം മണിക്കൂറുകളോളം സ്തംഭിച്ചു. ഇലക്ട്രിക് ലൈനും ടെലഫോൺ ലൈനും തൻമൂലം പല ദിവസങ്ങളിൽ മുടങ്ങി. ആലിപ്പഴം വീണ് ഷീറ്റുകളും ഓടുകളും തകർന്നു. ചുറ്റിയടിച്ച കാറ്റുമൂലം നൂറു കണക്കിന് കുലവാഴകൾ നശിച്ചുപോയി. ഈ സ്ഥലങ്ങളിലെ കൊയ്യാറായ നെല്ല്, വാഴ തുടങ്ങിയവയ്ക്കാണ് കൂടുതൽ നാശം സംഭവിച്ചത്. കരിമ്പ്, തെങ്ങിൻ തൈകൾ തുടങ്ങിയവ പിഴുതെറിയപ്പെട്ടിരിക്കുന്നു. 20 വർഷത്തിനുള്ളിൽ ഇതുപോലെ നാശനഷ്ടത്തിന് ഇടയാക്കിയ കൊടുങ്കാറ്റ് ഉണ്ടായിട്ടില്ല. എന്റെ നിയോജകമണ്ഡലത്തിൽ തന്നെ ഏതാണ്ട് 10 ലക്ഷം രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായതായി കണക്കാക്കപ്പെടുന്നു.

നാശനഷ്ടങ്ങൾ സംഭവിച്ച സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ഗവൺമെന്റിൽ നിന്ന് അടിയന്തര സഹായം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : ഈ നാശനഷ്ടങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ കൊടുങ്കാറ്റ് ഉണ്ടായ ദിവസം തന്നെ ആ വഴി കടന്നുപോകുന്നതിന് എനിക്കും ഇടയായി. 11 a.m. സർ, കളക്ടറോട് അടിയന്തിരമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(31) കുഴൽമന്ദം പഞ്ചായത്തിലെ നെയ്ച്ചുള്ളിയിൽ വെടിമരുന്നുശാലയ്ക്ക് തീ പിടിച്ചുണ്ടായ അത്യാഹിതം

ശ്രീ. ടി. കെ. ആറുമുഖൻ : എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കുഴൽമന്ദം പഞ്ചായത്തിൽപ്പെട്ട നെയ്ച്ചുള്ളിയിലെ വെടിമരുന്ന്ശാലയ്ക്ക് തീ പിടിച്ചതിന്റെ ഫലമായി ആ സ്ഥലത്ത് വച്ചുതന്നെ മൂന്നുപേരും 9 പേരെ ജില്ലാ ആശുപത്രിയിൽ കൊണ്ടുപോകുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

അവിടെ വച്ച് രണ്ടുപേരും, അങ്ങനെ അഞ്ചുപേർ മരണമടയുകയും ഏഴുപേർ ഇപ്പോഴും മരണത്തോടു മല്ലടിച്ചു കിടക്കുകയുമാണ്. ഫയർ സർവ്വീസുകാരുടെ പ്രവർത്തനം തൃപ്തികരമല്ലാതിരുന്നതുകൊണ്ട് പതിനൊന്ന് മണി വരെ തീ കെടുത്താൻ ശ്രമിക്കേണ്ടിവന്നു. ആറു മണിക്കോ, ആറര മണിക്കോ തുടങ്ങിയ തീ പതിനൊന്നു മണിവരെ ആയിട്ടും ശമിപ്പിക്കാൻ കഴിയാത്ത സാഹചര്യം അവിടെ ഉണ്ടായി. ഇത് ഈ വകുപ്പിന്റെ കാര്യക്ഷമതയില്ലായ്മയാണെന്ന് മാത്രമാണ് ഇതിനെ സംബന്ധിച്ച് പറയാനുള്ളത്. ഒന്നുരണ്ടു വർഷത്തിനിടയിൽ എന്റെ നിയോജകമണ്ഡലത്തിൽ നിന്ന് രണ്ടും, ആലത്തൂർ താലൂക്കിൽ നാലും. ഇത്തരം സംഭവങ്ങളുണ്ടായിട്ടുണ്ട്. ഒരുപാട് ജീവാപായം ഇത്തരം തീ അപകടങ്ങൾ കൊണ്ട് ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് ആ കുടുംബങ്ങളെ സാമ്പത്തികമായി സഹായിക്കാനുള്ള നടപടി സ്വീകരിക്കണം. അഞ്ചു പേർ മരിച്ചെന്നാണ് കണക്ക് കിട്ടിയത്. പതിനേഴു വയസുകാരിയായ കമലം, പതിനേഴു വയസുകാരനായ മണികണ്ഠൻ, നാൽപ്പതു വയസുകാരനായ വേലായുധൻ, അമ്പതു വയസ്സുകാരനായ ഗോവിന്ദൻ തുടങ്ങിയ അഞ്ചു പേർ മരണപ്പെട്ടു. ബാക്കി ഏഴു പേർ മരണത്തോട് മല്ലടിച്ചു കിടക്കുന്നു. മരിച്ചു പോയിട്ടുള്ളവരുടെ ആശ്രിതർക്ക് സാമ്പത്തികമായ സഹായവും പൊള്ളലേറ്റ് മരണത്തോട് മല്ലടിച്ച് കിടക്കുന്നവർക്ക് സാമ്പത്തിക സഹായവും ചെയ്യാനുള്ള അടിയന്തര നടപടികളും സ്വീകരിക്കാൻ വകുപ്പു മന്ത്രിയോടും ഗവൺമെന്റിനോടും അഭ്യർത്ഥിക്കുന്നു.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : കുഴൽമന്ദം നെയ്ച്ചുള്ളി എന്ന സ്ഥലത്താണ് ഈ ദാരുണമായ സംഭവം ഉണ്ടാവുകയും അഞ്ചു പേരുടെ മരണത്തിനിടയാക്കുകയും ചെയ്തിട്ടുള്ളത്. ഗുരുതരമായ പൊള്ളലേറ്റ ആറുപേർ ഇപ്പോഴും ആശുപത്രിയിൽ കിടക്കുന്നുണ്ട്. നെയ്ച്ചുള്ളിയിൽ മരണപ്പെട്ട ശ്രീ. ഗോവിന്ദന്റെ സ്വന്തമായ സ്ഥാപനത്തിലാണ് തീ പിടിത്തമുണ്ടായത്. ഒരു കുന്നിന്റെ മുകളിലാണ് ഈ സ്ഥലം സ്ഥിതി ചെയ്യുന്നത്. അതുകൊണ്ട് ഫയർ ഫോഴ്സിന്റെ വണ്ടി അവിടെ ഓടിയെത്തുകയില്ല, അതാണ് സ്ഥിതി. വെടിക്കെട്ട് നടത്തുന്ന സ്ഥലങ്ങളിൽ സംഭവിക്കുന്ന അപകടങ്ങൾ പലതും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതൊക്കെ നോക്കുന്നതിന് ഉത്തരവാദപ്പെട്ട ചില ഉദ്യോഗസ്ഥൻമാർ ഉണ്ട്. അവരുടെ ഭാഗത്തുനിന്ന് ഏതെങ്കിലും അലംഭാവം ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതോടൊപ്പം തന്നെ ഇത് ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ എടുക്കാൻ കഴിയും എന്നുള്ളതിനെ കുറിച്ച് ആലോചിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. കളക്ടറുടെ അധികാര പരിധിയിൽപ്പെട്ടിട്ടുള്ള ധനസഹായം കൊടുക്കുന്നതിന് അടിയന്തര നിർദ്ദേശം കൊടുക്കാം.

(32) അങ്കമാലി വാട്ടർസപ്ലൈ സ്കീമിന്റെ പണി

ശ്രീ. എം. വി. മാണി : വാട്ടർ സപ്ലൈ സ്കീം ഇല്ലാത്ത ഒരു മുനിസിപ്പാലിറ്റിയാണ് അങ്കമാലി മൂന്ന് വർഷം മുമ്പാണ് ഇവിടെ എൽ. ഐ. സി. യുടെ സഹായത്തോടുകൂടി ഒരു വാട്ടർ സപ്ലൈ സ്കീമിന് പണി തുടങ്ങിയത്. സർ, അതിന്റെ പമ്പിംഗ് മെയിനും ഓവർഹെഡ് ടാങ്കും പൂർത്തിയായിക്കഴിഞ്ഞിട്ട് ഒന്നര വർഷത്തോളമായി. പൈപ്പുകൾ കുറെയൊക്കെ ലേ ചെയ്തുകഴിഞ്ഞിട്ടുണ്ട്. പണത്തിന്റെ ദൗർലഭ്യംകാരണം പ്യൂരിഫിക്കേഷന്റെ Plant-ന്റെ സ്ഥലമെടുപ്പ് ഇന്നും പൂർത്തിയാ

LIBRARY ARCHIVES Kerala Legislative Assembly